ഉത്തരം

(എ) സാമ്പത്തികേതരമായ എല്ലാ കേസ്സുകളും.

(ബി) 13-2-2003 മുതൽ.

(സി) 21.

(ഡി) 201.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) നിയമപ്രകാരം കാലയളവില്ല.

(ജി) 201.

(എച്ച്) 5.

ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങൾ

156 [3158] ശ്രീ. എ. എ. അസ്സീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പ്യൂൺ, വാച്ച്മാൻ തസ്തികകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കേ ദിവസവേതനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലാ സഹകരണ ബാങ്കിൽ വാച്ച്മാൻ തസ്തികയിൽ ഒരാളെ ദിവസവേതനത്തിൽ നിയമിച്ചിരുന്നു. പി. എസ്. സി. മുഖേന നിയമനം നടത്തിയപ്പോൾ അയാളെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേയ്ക്കുള്ള പ്യൂൺ, വാച്ച്മാൻ റാങ്ക് ലിസ്റ്റ്

157 [3160] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേയ്ക്കുള്ള പ്യൂൺ/ വാച്ച്മാൻ തസ്തികയ്ക്ക് പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെതന്നെ ദിവസക്കൂലി അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് എന്ന പേരിൽ ജില്ലാ സഹകരണ ബാങ്കുകളിൽ ആളുകളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അങ്ങനെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽ പ്യൂൺ/വാച്ച്മാൻ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അനധികൃതമായി നിയമിക്കപ്പെട്ടവരെ ഒഴിവാക്കി, പി. എസ്. സി. ലിസ്റ്റിൽനിന്നും അടിയന്തിര നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

സർവ്വീസിൽനിന്നും പിരിച്ചുവിട്ട നടപടി

158 [3161] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി-131 തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതി കഴിഞ്ഞ ആറ് വർഷങ്ങൾക്കുള്ളിൽ എത്ര ജീവനക്കാരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്; അവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ബി) പിരിച്ചുവിടപ്പെട്ട ജീവനക്കാരാരെങ്കിലും കോടതിയേയോ ലോകായുക്തിനെയോ സമീപിച്ച് വിധി സമ്പാദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കോടതിയുടേയും ലോകായുക്തിന്റെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.:

1.	ശ്രീ. പി. ശശികുമാർ	.. സെക്രട്ടറി
2.	ശ്രീമതി ആർ. ഐ. ഗിരിജാദേവി	.. ബ്രാഞ്ച് മാനേജർ
3.	ശ്രീ. പി. കെ. മനോഹരൻ	.. സീനിയർ ക്ലാർക്ക്

(ബി) ശ്രീമതി ആർ. ഐ. ഗിരിജാദേവി ബഹുമാനപ്പെട്ട കേരളാ ലോകായുക്തിൽ കേസ് ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ലോകായുക്ത 17-9-2001-ന് കേസ് നമ്പർ 420/01 നമ്പരായി വിധിയായി. ടി വിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly